പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 207 **27-10-2026-ൽ മറുപടിയ്ക്ക്**

എക്സൈസ് വകുപ്പിന്റെ ആധുനികീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) എക്സൈസ് വകുപ്പിന്റെ ആധുനികീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

മറുപടി: എക്സൈസ് വകുപ്പിന്റെ ആധുനികീകരണത്തിനും എൻഫോഴ്സ്മെന്റ് സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി അടിസ്ഥാന സൗകര്യവികസനം, ആധുനിക ഉപകരണങ്ങളുടെ ലഭ്യത, വിവരസാങ്കേതിക സംവിധാനങ്ങളുടെ ശാക്തീകരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ എൻഫോഴ്സ്മെന്റ് ഉപകരണങ്ങളുടെ നവീകരണത്തിനായി 13.23 ലക്ഷം രൂപയും, എക്സൈസ് ചെക്ക്പോസ്റ്റുകളുടെ നവീകരണത്തി നായി 90 ലക്ഷം രൂപയും, ഐ.ടി. സെല്ലിന്റെ ശക്തിപ്പെടുത്തലിനായി 47.66 ലക്ഷം രൂപയും, സൈബർ സെല്ലിന്റെ നവീകരണത്തിനായി 10.50 ലക്ഷം രൂപയും, സി.സി.ടി.വി. നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി 60 ലക്ഷം രൂപയും, റേഞ്ച് ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 120 ലക്ഷം രൂപയും പഴയ കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 55 ലക്ഷം രൂപയും ഇൻവർട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 27.50 ലക്ഷം രൂപയും വാഹന യാർഡുകളുടെ നിർമ്മാണത്തിനായി 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ **503.89 ലക്ഷം** രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മയക്കുമരുന്ന് കണ്ടെത്തൽ കിറ്റുകൾ വാങ്ങൽ, പുതിയ രാസപരിശോധനാ ലബോറട്ടറി ആരംഭിക്കൽ, സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സി.സി.ടി.വി./എക്സ്-റേ/ഗാമ-റേ സ്കാനർ സംവിധാനങ്ങൾ സ്ഥാപിക്കൽ, മാതൃകാ എക്സൈസ് റേഞ്ച് ഓഫീസ് എന്നീ പദ്ധതികൾക്കായി ആകെ 70 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന എക്സൈസ് അക്കാദമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 40.86 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 42 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഉമിനീർ ഉപയോഗിച്ച് മയക്കുമരുന്നിന്റെ സാന്നിധ്യം പ്രാഥമികമായി കണ്ടെത്തുന്നതിനുള്ള 1,500 പരിശോധനാ കിറ്റുകൾ 9.81 ലക്ഷം രൂപ ചെലവിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

(ബി) വ്യാപകമായ ലഹരി ഉപയോഗത്തെയും സംഘടിത ലഹരി മാഫിയയെയും നേരിടുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

മുപടി: എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്രമായ ലഹരി വിരുദ്ധ ക്യാമ്പയിനായ **'മയങ്ങില്ല കേരളം'** പദ്ധതിയുടെ ഭാഗമായി ലഹരി ഉപയോഗത്തെയും സംഘടിത ലഹരി മാഫിയയെയും നേരിടുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ

മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിനും സംഘടിത മയക്കുമരുന്ന് കടത്ത് ശൃംഖലകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ബ്യൂറോയുടെ ഉദ്ഘാടനം 07.10.2026-ന് നിർവഹിച്ചിരുന്നു. സംസ്ഥാനതലത്തിൽ മയക്കു മരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, രഹസ്യ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുക, അന്തർജില്ലാ-അന്തർസംസ്ഥാന മയക്കുമരുന്ന് കടത്ത് ശൃംഖലകൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓപ്പറേഷൻ തണ്ടർ

ലഹരി ഉപയോഗവും വിൽപനയും തടയുന്നതിനായി 28.05.2026 മുതൽ 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. കൊറിയർ സർവീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശോധനയും നിരീക്ഷണവും നടത്തി വരുന്നുണ്ട്.

റിലാക്സ് പദ്ധതി

പൊതുജനങ്ങളുടെ ഒഴിവുസമയം ആരോഗ്യകരമായ വിനോദങ്ങൾക്കായി വിനിയോഗിക്കുന്നതിന് സുരക്ഷിതവും സൗകര്യപ്രദവുമായ ഇടങ്ങൾ ഒരുക്കുന്ന പദ്ധതിയാണ് ഇത്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 122 ഇടങ്ങൾ സജ്ജമാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 138 എക്സൈസ് റേഞ്ച് ഓഫീസ് പരിധികളിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പട്രോളിംഗും അതിർത്തി പരിശോധനയും.

എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകളിലെ പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിലൂടെയുള്ള ലഹരിക്കടത്ത് തടയുന്നതിനായി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (KEMU) പ്രവർത്തിച്ചുവരുന്നു. **സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിരീക്ഷണം**

സമൂഹമാധ്യമങ്ങൾ, ഡാർക്ക് വെബ് തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളിലൂടെയുള്ള മയക്കുമരുന്ന് കൈമാറ്റം തടയുന്നതിനായി എക്സൈസ് ഐ.ടി. സെൽ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

പീപ്പിൾസ് ഐ ആപ്പ്

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം 16.09.2026 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

വിവിധ ഏജൻസികളുടെ ഏകോപനം

സംസ്ഥാന പോലീസ്, കേന്ദ്ര നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, റെയിൽവേ പോലീസ്, വനം വകുപ്പ് തുടങ്ങിയ ഏജൻസികളുമായി വിവരങ്ങൾ കൈമാറുകയും സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ജില്ലാതല നാർക്കോ കോർഡിനേഷൻ സെന്റർ (NCORD) യോഗങ്ങളിലൂടെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തു വരുന്നു.

ഓപ്പറേഷൻ ശുദ്ധി

കള്ള് ഷാപ്പുകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി 'ഓപ്പറേഷൻ ശുദ്ധി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഓപ്പറേഷൻ ശുദ്ധിയുടെ ഭാഗമായി ചെത്ത് വൃക്ഷങ്ങളുടെ സംസ്ഥാനതല ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കൽ, കള്ളിന്റെ ഉൽപ്പാദനം, ഗതാഗതം, വിതരണം എന്നിവ എന്നിവ പിന്തുടർന്ന് കണ്ടെത്തുന്നതിനുള്ള (Traceability) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, ഓരോ ചെത്ത് വൃക്ഷത്തിൽ നിന്നുമുള്ള ഉൽപ്പാദനവും ഷാപ്പുകളിലേക്കുള്ള വിതരണവും ശാസ്ത്രീയമായി രേഖപ്പെടുത്തൽ, കള്ളിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തൽ, വ്യാജകള്ളിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാന വ്യാപകമായി എൻഫോഴ്സ്മെന്റ് പരിശോധനകൾ ഊർജിതമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ജനപങ്കാളിത്തവും പരാതിപരിഹാരവും

എക്സൈസ് കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമും പരാതിപരിഹാര സെല്ലും ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര പരിശോധനകളും തുടർനടപടികളും സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാർഡ്തല ജനകീയ സമിതികൾ എന്നിവയുടെ സഹകരണത്തോടെ വിവരശേഖരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) നിരീക്ഷണ സംവിധാനങ്ങൾ സാങ്കേതികവിദ്യാധിഷ്ഠിതമാക്കുന്നതിനും ഇന്റലിജൻസ് ശൃംഖല വിപുലപ്പെടുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

മറുപടി: നിരീക്ഷണ സംവിധാനങ്ങൾ സാങ്കേതിക വിദ്യാധിഷ്ഠിതമാക്കുന്നതിനും ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ഐ.ടി. സെൽ, സൈബർ സെൽ എന്നിവയുടെ നവീകരണം, സി.സി.ടി.വി. നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കൽ, ചെക്ക്പോസ്റ്റുകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഐ.ടി. സെല്ലിന്റെ ശക്തിപ്പെടുത്തലിന് 47.66 ലക്ഷം രൂപ, സൈബർ സെല്ലിന്റെ നവീകരണത്തിന് 10.50 ലക്ഷം രൂപ, സി.സി.ടി.വി. സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വാർഷിക പരിപാലനത്തിനുമായി 60 ലക്ഷം രൂപ, ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന് 90 ലക്ഷം രൂപ എന്നിവ ഉൾപ്പെടുന്നു. പുതിയ പദ്ധതികളുടെ ഭാഗമായി സി.സി.ടി.വി./എക്സ്-റേ/ഗാമ-റേ സ്കാനർ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർവഹണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സംഘടിത മയക്കുമരുന്ന് ശൃംഖലകൾക്കെതിരായ നടപടികൾ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചും അധിക ചുമതലകൾ നൽകിയുമാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്. ബ്യൂറോയുടെ ഉദ്ഘാടനം 07.10.2026 ന് നിർവഹിച്ചിരുന്നു.

എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്രമായ ലഹരി വിരുദ്ധ ക്യാമ്പയിനായ 'മയങ്ങില്ല കേരളം' പദ്ധതിയുടെ ഭാഗമായി വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി '**പീപ്പിൾസ് ഐ**' എന്ന മൊബൈൽ ആപ്പ് സൗകര്യം 16.09.2026 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ലഹരിയോടുള്ള ആസക്തിക്കും ലഹരി ഉപയോഗത്തിനുമെതിരെ സ്കൂൾ, കോളേജ്, തദ്ദേശ സ്ഥാപനതലങ്ങളിൽ നടത്തിവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

മറുപടി: ലഹരിയോടുള്ള ആസക്തിയും ലഹരി ഉപയോഗവും തടയുന്നതിനായി സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, തദ്ദേശസ്വയംഭരണസ്ഥാപന തലങ്ങളിൽ വിവിധ ബോധവൽക്കരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. '**മയങ്ങില്ല കേരളം**' പദ്ധതിയുടെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ, തണ്ടർ ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂളുകളിലെ തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ

സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലായി 5,800 തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. അധ്യാപകർ, എക്സൈസ് ഉദ്യോഗസ്ഥർ, പി.ടി.എ. ഭാരവാഹികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ക്വിസ് മത്സരങ്ങൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പരിപാടികൾ നടത്തുന്നു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സ്കൂളുകളിൽ 17,400 പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കോളേജുകളിലെയും ഹോസ്റ്റലുകളിലെയും തണ്ടർ ക്ലബ്ബുകൾ

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജുകളിൽ 1,172 തണ്ടർ ക്ലബ്ബുകളും കോളേജ് ഹോസ്റ്റലുകളിൽ 626 തണ്ടർ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നേതൃത്വത്തിൽ പ്രസംഗമത്സരങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുന്നു. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കോളേജുകളിൽ 1,406 പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ലഹരിമുക്ത ക്യാമ്പസ്

സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം ലഹരിവസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരിരഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന ആശയത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 28 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ച് കഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല പ്രഖ്യാപനം 06.10.2026-ന് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നടന്നു. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കുകയാണ് എക്സൈസ് വകുപ്പിന്റെ ലക്ഷ്യം.

യുവശബ്ദം 2026

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പ് കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "യുവശബ്ദം 2026" എന്ന പേരിൽ ലഹരി വിരുദ്ധ പ്രസംഗ മത്സരം കോളേജ് തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളിൽ ദേശീയത വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പ്രസംഗമത്സരത്തിന് ഒന്നാം സമ്മാനമായി 25,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

അറിവാണ് ലഹരി

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് അറിവാണ് ലഹരി എന്ന പേരിൽ ലഹരി വിരുദ്ധ ക്വിസ് മത്സരം സ്കൂൾ തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്വിസ് മത്സരത്തിലെ വിജയികൾക്ക് ഒന്നാം സമ്മാനമായി 20,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

ജനജാഗ്രതാ സമിതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിലവിൽ ജനജാഗ്രത വാർഡുതല കമ്മിറ്റികൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. പൊതുസമൂഹത്തിൽ വാർഡ് തലത്തിൽ തന്നെ ലഹരി ഉപയോഗ സാധ്യതകൾ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാനത്ത് ഉടനീളം ജനജാഗ്രതാ വോളന്റിയർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ലഭ്യമാകുന്ന പരാതികൾ പരിഹരിച്ചും ചികിത്സ, കൗൺസിലിംഗ് സേവനം എന്നിവ ആവശ്യമുള്ളവരെ കണ്ടെത്തി വേണ്ട സഹായങ്ങൾ നൽകിയും, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയ സംവിധാനങ്ങൾ ഏകോപിപ്പിച്ചും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച ജനകീയ ജാഗ്രതാ സമിതികളിലൂടെ പ്രദേശത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 17,682 വാർഡ്തല യോഗങ്ങൾ ഉൾപ്പെടെ ആകെ 20,999 ജനജാഗ്രതാ സമിതി യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഉണർവ്വ് പദ്ധതി

പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടത്തുന്ന പദ്ധതിയാണിത്. നിലവിൽ സംസ്ഥാനത്തെ 40 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി പൂർത്തിയാക്കി. "ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ഉണർവ്വ് പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ട്.

വിമുക്തി സ്പോർട്സ് ടീം

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ, നെറ്റ് ബോൾ, വോളി ബോൾ, ഹാൻഡ് ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി നിലവിൽ 1500 സ്കൂളുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

നേർവഴി

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണിത്. 29.09.2022 ന് ആരംഭിച്ച ടി പദ്ധതിയുടെ മൊബൈൽ നമ്പർ 9656178000 ആണ്.

ബാല്യം അമൂല്യം

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം എല്ലാ ജില്ലകളിലുമായി ആകെ 140 സ്കൂളുകളിൽ ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിമുക്തി മെന്റേഴ്സ്

സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും MSW യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തിമെന്റേഴ്സ് ആയി നിയമിച്ച് കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകി വരുന്നു. വിമുക്തി മെന്റേഴ്സ് മുഖേന 2026 സെപ്റ്റംബർ വരെ 5412 പ്രാഥമിക കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

ബോധവൽക്കരണ ക്ലാസ്സുകൾ.

ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്. 2025-2026 വർഷത്തിൽ സ്കൂൾ തലത്തിൽ 88,497 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും കോളേജ് തലത്തിൽ 9398 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

ജീവിതമാണെന്റെ ലഹരി

"കൂടെയുണ്ട് കരുത്തേകാൻ" പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി "ജീവിതമാണെന്റെ ലഹരി" എന്ന മൊഡ്യൂൾ തയ്യാറാക്കി ശാസ്ത്രീയമായ രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു.

പെൺകുട്ടികൾക്കായുള്ള സ്വയരക്ഷാ പദ്ധതി

സംസ്ഥാനത്ത് ഓരോ എക്സൈസ് റേഞ്ചിലെയും ഓരോ സ്കൂളുകൾ തെരെഞ്ഞെടുത്ത് പെൺകുട്ടികൾക്കായി സ്വയരക്ഷ പരിശീലന പദ്ധതി നടപ്പാക്കി 6900 പെൺകുട്ടികൾക്ക് നിലവിൽ സ്വയരക്ഷാ പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ